# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1444 03.12.2015-ലെ മറുപടിക്ക്

## കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി. കെ.കെ. ലതിക | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പ്രവർത്തനം ആരംഭിച്ചതുമായ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കെട്ടിടവിഭാഗത്തിനു കീഴിൽ വട്ടോളി ഗവ. യു.പി. സ്കൂൾ, പൈങ്ങോട്ടായി ഗവ. യു.പി സ്കൂൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതികാനുമതി ലഭിക്കാത്ത പ്രവൃത്തികൾ എത്രയുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) | 2014-2015 ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ തീക്കുനി - കുറ്റ്യാടി റോഡിൽ കി.മീ 15/000 നും 17/225 നും ഇടയ്ക്കുള്ള പരിഷ്കരണ പ്രവൃത്തിയ്ക്കും ബി.എം. & ബി.സി പ്രവൃത്തിയ്ക്കും സാങ്കേതികാനുമതി നൽകിയിട്ടില്ല. നിരത്തു വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റ് ലഭിക്കാത്തതു കൊണ്ടാണ് സാങ്കേതികാനുമതി നൽകാത്തത്. |
| (സി) | ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും ആരംഭിക്കാൻ | | മണിയൂർ ഗവ. എച്ച്.എസ്.എസ് കെട്ടിടത്തിന്റെ പ്രവൃത്തി, |

| | |
|---|---|
| കഴിയാത്ത പ്രവൃത്തികൾ ഏതൊക്കെ ആണെന്ന് വ്യക്തമാക്കുമോ? | വില്ല്യാപ്പള്ളി ആയഞ്ചേരി റോഡിൽ കി.മീ 1/650 നം, 5/325 വരെ ഉപരിതലം പുതുക്കലും പരിഷ്കാര പ്രവൃത്തികളും, കുട്ടോത്ത് - അട്ടുക്കുണ്ട് കടവ് റോഡിൽ കി.മീ 0/000 നം 12/070 നം ഇടയിലുള്ള ലാന്റ് അക്വിസിഷൻ പ്രവൃത്തികളും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി |
|---|---|---|---|
| | 2012-13 ബജറ്റ്-കാവിൽ തീക്കുനി കുറ്റ്യാടി റോഡിൽ ആയഞ്ചേരി ടൗൺ, കി.മീ.8/600നും 9/400നും ഇടയിൽ പരിഷ്കരണ പ്രവർത്തികൾ | 150 ലക്ഷം | പ്രവൃത്തി പൂർത്തിയായി വരുന്നു. |
| 2 | 2012-13 ബജറ്റ്-കാവിൽ തീക്കുനി കുറ്റ്യാടി റോഡിൽ കി.മീ. 6/600 മുതൽ 8/600 വരെയും കി.മീ.9/400 മുതൽ 12/000 വരെയും പരിഷ്കരണ പ്രവർത്തികൾ | 500 ലക്ഷം | പ്രവൃത്തി ആരംഭിച്ചു. |
| 3 | 2014-15 ബജറ്റ്-കാവിൽ തീക്കുനി കുറ്റ്യാടി റോഡിൽ കി.മീ. 12/000 മുതൽ 15/000 വരെ പരിഷ്കരണ പ്രവർത്തിയും,ബി.എം & ബി.സി.ചെയ്യലും | 300 ലക്ഷം | പ്രവൃത്തി ആരംഭിച്ചു. |
| 4 | ആസ്തിവികസന ഫണ്ട് 2012-13- കാവിൽ തീക്കുനി കുറ്റ്യാടി. റോഡിൽ കി.മീ. 1/170 മുതൽ 3/000 വരെ ബി.എം & ബി.സി.ചെയ്യുന്ന പ്രവൃത്തി | 350 ലക്ഷം | പ്രവൃത്തി പൂർത്തിയായി |
| 5 | ആസ്തിവികസന ഫണ്ട് 2013-14- കാവിൽ തീക്കുനി കുറ്റ്യാടി റോഡിൽ കി.മീ. 2/500 മുതൽ 3/000 വരെ ബി.എം & ബി.സി. പ്രവൃത്തിയും പരിഷ്കരണ പ്രവൃത്തിയും | 150 ലക്ഷം | പ്രവൃത്തി ആരംഭിച്ചു. |
| 6 | ആസ്തിവികസന ഫണ്ട് 2013-14- കടത്തനാടൻകല്ല- നഞ്ഞോറപ്പള്ളി റോഡിൽ കി.മീ. 0/000 മുതൽ 1/100 വരെ പരിഷ്കരണം | 25 ലക്ഷം | പ്രവൃത്തി ആരംഭിച്ചു. |
| 7 | ആസ്തിവികസന ഫണ്ട് 2014-15- തിരുവള്ളൂർ-ആയഞ്ചേരി റോഡിൽ റോഡിൽ കി.മീ. 0/000 മുതൽ 0/800 വരെ ബി.എം & ബി.സി.ചെയ്യലും പരിഷ്കരണ പ്രവൃത്തികളും | 100 ലക്ഷം | പ്രവൃത്തി ആരംഭിച്ചു. |
| 8 | ആസ്തിവികസന ഫണ്ട് 2014-15- കാവിൽ തീക്കുനി കുറ്റ്യാടി റോഡിൽ കി.മീ. 12/000 മുതൽ 15/000 വരെ ബി.എം & ബി.സി. ചെയ്യലും പരിഷ്കരണ പ്രവൃത്തിയും | 300 ലക്ഷം | പ്രവൃത്തി ആരംഭിച്ചു. |
| 9 | ആസ്തി വികസന ഫണ്ട് 2014-15- ബാങ്ക് റോഡ് കുറുന്തോടി റോഡിൽ കി.മീ. 2/950 മുതൽ 3/250 വരെ ഡ്രെയിനേജ് സ്ഥാപിക്കലും കലുങ്ക് നിർമ്മാണവും | 10 ലക്ഷം | പ്രവൃത്തി ആരംഭിച്ചു |
| 10 | ആസ്തി വികസന ഫണ്ട് 2014-15- ശിവക്ഷേത്രം വടകര മാഹികനാൽ റോഡിൽ കി.മീ. 0/000 മുതൽ 1/150 വരെ പരിഷ്കരണ പ്രവൃത്തികൾ | 25 ലക്ഷം | പ്രവൃത്തി ആരംഭിച്ചു |
| 11 | കക്കാട്ടിൽ കൈവേലി റോഡിൽ കി.മീ. 0/000 മുതൽ 1/200 വരെ പരിഷ്കരണ പ്രവൃത്തികൾ | 25 ലക്ഷം | പ്രവൃത്തി ആരംഭിച്ചു |
| 12 | കുളങ്ങരത്ത് അരൂർ ഗുളികപ്പുഴ-റോഡിൽ കി.മീ 4/500 മുതൽ 6/100 വരെ പരിഷ്കരണ പ്രവർത്തികൾ | 50 ലക്ഷം | ടെണ്ടർ അനുമതിക്കായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |